# നിറങ്ങൾ

മാത്തയിൽ രാധാകൃഷ്ണൻ

HIGH SCHOOL ERNAKULAM
9̶1̶5
1561

ISLAM HIGH SCHOOL
5416
ERNAKULAM

# നിറങ്ങൾ

# നിറങ്ങൾ

[ ബാലകഥകൾ ]

മാതയിൽ രാധാകൃഷ്ണൻ

---

വിതരണം:

കറൻറ് ബുക്സ്, തൃശ്ശൂർ

വില: 0__75

NIRANGAL (STORIES FOR CHILDREN)

First Impression July 1969
Copies: 1000
Price Re. 0—75

by
MATHAYIL RADHAKRISHNAN

Cover: Rajendran
Blocks: Sankar Blocks
Rights Reserved
Printed at: Current Printers, Trichur
Published by Author
Distributors: CURRENT BOOKS, TRICHUR

# കഥകൾ


രാജാവും ക്ഷുരകനും

പാവം, തത്ത

വിരുതൻ ശങ്കു

ഉപകാരസ്മരണ

ഊണ്

സത്യം

5716

## രാജാവും ക്ഷുരകനും

പണ്ടൊരു രാജാവുണ്ടായിരുന്നു. മന്ത്രിസഭായോഗങ്ങളിലും പൊതുയോഗങ്ങളിലും മററും സന്നിഹിതനാകുന്ന സന്ദർഭത്തിൽ ഈ രാജാവു് കിരീടമല്ല, തലമുഴുക്കെ മൂടുന്ന *തലപ്പാവാണു് ധരിക്കുക പതിവു്. യുവാവായ ആ രാജാവു് സുന്ദരനും സൽസ്വഭാവിയുമായിരുന്നു. അതുകൊണ്ടു് ജനങ്ങൾ അദ്ദേഹത്തെ ആരാധിച്ചുവന്നു.

അദ്ദേഹത്തിനു് ഒരു ക്ഷൌരക്കാരനുണ്ടു്. ദിനംപ്രതി കൊട്ടാരത്തിൽച്ചെന്നു് തിരുമനസ്സിൻെറ മുഖം അയാൾ വടിക്കും. കൊട്ടാരത്തിൽക്കണ്ട യാതൊന്നും പുറത്തു പറയരുതെന്നു് ക്ഷുരകനു് രാജാവിൻെറ കല്പനയുണ്ടായിരുന്നു. എന്തെങ്കിലും പറഞ്ഞുപോയാൽ, അതിന്നു ശിക്ഷ തല വീശലാണു്; ക്ഷുരകൻെറ തല ചീര അരിയുന്നതുപോലെ വീശിക്കളയും.

മരണഭയം എല്ലാവർക്കുമുണ്ടു്; ക്ഷുരകനുമുണ്ടു്. അതുകൊണ്ടു്, രാജാവിൻെറ ക്രോപ്പിങ്ങും ഷേവിംഗും കഴിഞ്ഞു പുറത്തു കടന്നാൽ അയാളാരോടും ഒരക്ഷരം കൊട്ടാരത്തെക്കുറിച്ചു സംസാരിക്കയില്ല. "കൊട്ടാര

ത്തിൽ ഇപ്പോഠം പകൽസമയമാണോ?" എന്നു നേര മ്പോക്കായി ആരെങ്കിലും ചോദിച്ചാൽപ്പോലും, "അ യ്യോ, എനിക്കറിഞ്ഞുകൂടാ." എന്നേ ക്ഷുരകൻ മറു പടി പറയുകയുള്ളു. അത്രയ്ക്കു് അച്ചടക്കബോധത്തോ ടെയാണു് അയാഠം രാജാവിനെ സേവിച്ചുവന്നതു്.

അങ്ങനെയിരിക്കെ, ഈ ക്ഷുരകൻ ദീനംപിടിച്ചു കിടപ്പായി. കൊട്ടാരത്തിലേയ്ക്കു പോകാനെന്നല്ല, പാ യയിൽനിന്നെണീക്കാൻപോലും അയാഠംക്കു വയ്യാ തായി. രാജാവിൻെറ ക്ഷൌരത്തിന്നു മുടക്കം വരുത്തി ക്കൂടാ. അതുകൊണ്ടു് തനിക്കേററവും വിശ്വസ്തനായ മററാരു ക്ഷുരകനെ അരമനയിലേയ്ക്കയയ്ക്കാൻ അ യാഠം ഏർപ്പാടുചെയ്തു. അകത്തു കണ്ടതും കേട്ടതും ആ രോടും പറയരുതെന്നു് അയാളെ വിശേഷാൽ താക്കീ തുചെയ്തു. എന്തെങ്കിലും പിഴ വന്നുപോയാൽ രണ്ടു പേരുടേയും തലകഠം തെറിക്കും. ജാഗ്രത.

പുതിയ ക്ഷുരകൻ വാക്കു കൊടുത്തു:

"ചേട്ടാ, എന്തു കണ്ടാലും കേട്ടാലും ഞാൻ ആ രോടും പറയില്ല.... സത്യം!"

ആദ്യത്തെ ദിവസത്തെ ക്ഷൌരംകഴിഞ്ഞു് അര മനയുടെ ഗേയിററു കടന്നു് പുറത്തുവന്ന ക്ഷുരകൻെറ മുഖം വാലുപോയ കുരങ്ങൻേറതുപോലിരുന്നു........ അ യാഠം ചുററും നോക്കി തൻെറ വീട്ടിലേയ്ക്കു ധൃതിയിൽ നടന്നു. വീട്ടിൽ ചെന്നയുടനെ അയാഠം പായയി ലേയ്ക്കു വീണു. എന്നിട്ടു് ഭാര്യയോടു കുറച്ചു വെള്ളം

വാങ്ങിക്കുടിച്ചു. ഉഷ്ണം സഹിക്കവെയ്യാതെ അയാറം തോർത്തുമുണ്ടെടുത്തു വീശി.

"ഇന്നെന്താണിത്ര പാരവശ്യം?" ഭാര്യ അന്വേഷിച്ചു.

"തക്ക കാരണമുണ്ടു്."

"കൊട്ടാരത്തിലേയ്ക്കല്ലേ പോയതു്. അവിടത്തെ ക്ഷൌരത്തിന്നു് ഇത്ര ക്ഷീണമുണ്ടോ?"

"ഉണ്ടെടീ.... നീ ആരോടും പറയരുതു്.... ഞാനൊരു കാര്യം പറയാം.... അക്കാര്യം പറയാതെ എനിക്കു വീർപ്പുമുട്ടുകയാണു്. പറയാതിരുന്നാൽ ഞാൻ ഇപ്പോറംത്തന്നെ വീർപ്പുമുട്ടിച്ചാകും...."

"അവിടെ ഇത്രവലിയ രഹസ്യമെന്താണു്?" ഭാര്യ തിരക്കി.

"ഉണ്ടു്. നിനക്കതു കേറംക്കണോ?"

"വേണം."

"നീ ആരോടെങ്കിലും പറഞ്ഞാൽ, നമ്മുടെ രണ്ടു പേരുടേയും തല കാണുകയില്ല. അതുകൊണ്ടു്—"

"എന്നാലും പറയൂ, കേറംക്കട്ടെ—"

"എടീ, നിന്നെ എനിക്കു വിശ്വസിക്കാമോ?"

"ഇത്രകാലവും ഒരുമിച്ചു കഴിഞ്ഞതല്ലേ? എന്നിട്ടും സംശയമോ?—"

"എടീ.... ഞാൻ പറയാൻപോകുന്നു.... മഹാരാജാവിനു കഴുതകളെപ്പോലെ നീണ്ട ചെവികളാണു്!"

കേട്ടിട്ട് ഭാര്യ ഒരു നിമിഷം തരിച്ചുനിന്നു. എന്നിട്ട് അവൾ ഒച്ചയനക്കി:

"എന്ത്?.... അങ്ങനെ വരട്ടെ. അതാണ് തിരുമേനി എല്ലായ്പ്പോഴും ചെവികൾ മൂടിക്കൊണ്ടു നടക്കുന്നത്. ഇപ്പോൾ സംഗതി മനസ്സിലായി."

"നീ ആരോടും പറയരുത്—"

"ഇല്ല."

"സത്യം?"

"സത്യം."

* * * *

സ്ത്രീകൾക്കൊരു രഹസ്യവും സൂക്ഷിക്കാൻ കഴിയുകയില്ല. എന്തുകേട്ടാലും അതു തുറന്നു പറയാതെ കഴിയുകയെന്നതു സ്ത്രീക്കു് കൊല്ലാതെകൊല്ലുന്നതുപോലെ അസഹ്യമായ കാര്യമാണ്. ഈ ക്ഷുരകൻെറ ഭാര്യയും നീറി നീറി ജീവിച്ചു. ചുറവുപാടും കൂട്ടുകാരികളോടൊത്തു പൊതുക്കിണററിൽനിന്നു വെള്ളം കോരുമ്പോഴും പുഴയിൽ കുളിക്കുമ്പോഴും തൻെറ കൈവശമുള്ള ആ രഹസ്യം പുറത്തു ചാടാതിരിക്കാൻ അവൾ കിണഞ്ഞു പരിശ്രമിച്ചു.

ഇങ്ങനെ ദിവസങ്ങൾ കടന്നുപോയി. ആരോഗ്യവതിയായിരുന്ന അവൾ ഒരു രോഗിയെപ്പോലെ മെലിഞ്ഞുവന്നു. ഭർത്താവ് രോഗകാരണം അന്വേഷിച്ചപ്പോൾ അവൾ പറഞ്ഞു:

"എനിക്കാ രഹസ്യം ഒളിച്ചുവെയ്ക്കാൻ വയ്യ! അതെനിക്കാരോടെങ്കിലും പറയണം!"

ST. ALBERT'S HIGH SCHOOL ERNAKULAM

"എന്തു രഹസ്യം?" ഭർത്താവ് ചോദിച്ചു.

"മഹാരാജാവിൻെറ കഴുത—"

"ശ്ശൂ!.... മനസ്സിലായി."

ഭർത്താവ് ഗാഢമായി ആലോചിച്ചു. വളരെ നേരം ആലോചിച്ചിട്ട് അയാളൊരു പോംവഴി കണ്ടു പിടിച്ചു. ഭാര്യയേയും കൂട്ടിക്കൊണ്ട് അയാഠം പറമ്പിൻെറ വിജനമായ മൂലയിൽച്ചെന്ന് മണ്ണുകുഴിച്ച് വലിയൊരു കുഴിയുണ്ടാക്കി. എന്നിട്ട് ഭാര്യയോടു പറഞ്ഞു:

"നീ ഈ കുഴിയിലേയ്ക്ക് ആ രഹസ്യം മതിയാവോളം വിളിച്ചുപറഞ്ഞേയ്ക്കൂ. എന്നിട്ട് ഞാനീ കുഴി മൂടാം—"

അതുപ്രകാരം ഭാര്യ കുനിഞ്ഞുനിന്ന് "രാജാവിൻെറ ചെവികഠം കഴുതച്ചെവികളാണ്! കഴുതച്ചെവിയനാണ് നമ്മുടെ രാജാവ്...." എന്നു മതിയാവോളം വിളിച്ചുകൂകി. അവഠംക്കു സമാധാനമായി. കുഴിമൂടാൻ തുടങ്ങിയപ്പോഠം, ഭർത്താവിനൊരു യുക്തിതോന്നി, "എന്തായാലും കുഴി കുഴിച്ചു. ഇതിലെന്തെങ്കിലും നട്ടുകളയാം.—" എന്ന്. അയാഠം ഒരു ചെടി പിഴുതെടുത്ത് ആ കുഴിയിൽ നട്ടു വെള്ളമൊഴിച്ചു.

ദിവസങ്ങഠം ചെല്ലുന്തോറും ആ ചെടി വളൎന്നു വന്നു.

മഹാരാജാവിൻെറ കൊട്ടാരത്തിൽ ഒരാഴ്ച നീണ്ടുനില്ക്കുന്ന കലോത്സവം ആരംഭിക്കുകയായി. ആദ്യ

ത്തെദിവസം പാട്ടുകച്ചേരിയാണു നിശ്ചയിച്ചിരുന്നതു്. ആ കച്ചേരിയിൽ ഉപയോഗിക്കേണ്ട മൃദംഗം അപ്പോൾ മുറിച്ചെടുത്ത മരത്തിൽനിന്നുണ്ടാക്കിയതാവണമെന്നു നിബന്ധനയുണ്ടു്. അതുമൂലം മരംതേടി നടന്നവർ ക്ഷുരകൻെറ തൊടിയിലെ മരം കണ്ടിട്ടു് അതു മുറിച്ചെടുത്തു കൊണ്ടുപോയി, അസ്സലൊരു മൃദംഗം സൃഷ്ടിച്ചു.

പാട്ടുകച്ചേരി ആരംഭിക്കുകയായി. കൊട്ടാരത്തിലെ ഡർബാർ ഹാൾ നിറഞ്ഞു. ഉയന്ന പ്ലാററ്ഫോമിൽ സ്വർണ്ണസിംഹാസനത്തിൽ രാജാവും അദ്ദേഹത്തിൻെറ ഇടത്തുവശത്തു് പ്രധാനമന്ത്രിയും ഉപവിഷ്ടരായിരുന്നു. ശുപ്പാമണിഭാഗവതർ കുമ്പയും തലോടിക്കൊണ്ടു പാട്ടുപാടാൻ തയ്യാറെടുത്തുകഴിഞ്ഞു. സൂചി വീണാൽ കേൾക്കാവുന്ന നിശ്ശബ്ദത.... മൃദംഗക്കാരൻ സ്വരം ശരിയാക്കി ആരംഭിച്ചു. പക്ഷേ, മൃദംഗത്തിൽനിന്നും ഉയന്നുവന്ന ശബ്ദം കേൾവിക്കാരെ കിടിലം കൊള്ളിച്ചു:

"രാജാവിൻെറ ചെവികൾ കഴുതച്ചെവികളാണു്! കഴുതച്ചെവിയനാണു് നമ്മുടെ രാജാവു്!...."

ശബ്ദങ്ങൾ....

നഗ്നശബ്ദങ്ങൾ....

ഇരുണ്ട സത്യങ്ങൾ....

രാജാവു് കോപാക്രാന്തനായി ചാടിയെണീററു.

ക്രൂരസിംഹത്തെപ്പോലെ അലറിക്കൊണ്ട് അദ്ദേഹം ഹാളിൽനിന്ന് ഇറങ്ങിപ്പോയി.

ഔദ്യോഗിക രഹസ്യപ്പോലീസുകാർ വേട്ടയാടാനാരംഭിച്ചു.

രണ്ടു ക്ഷുരകന്മാരേയും അതിലൊരുവൻെറ ഭാര്യയേയും അവർ ബന്ധനത്തിലാക്കി.

പിറേറന്നത്തെ കലാപരിപാടിയിലെ മുഖ്യഇനം അവരുടെ തലകൾ കൊയ്യുക എന്നതായിരുന്നു.

## പാവം, തത്ത

പണ്ടൊരിക്കൽ തീരെ ബുദ്ധിയില്ലാത്തൊരു തത്തയുണ്ടായിരുന്നു. ദൈവം അതിന്നു സൌന്ദര്യം കൊടുത്തിരുന്നുവെങ്കിലും ബുദ്ധിശക്തി നൽകാൻ മറന്നുവെന്നു തോന്നുന്നു. ആ തത്തയ്ക്കു് ഒരു കൊച്ചു മകളുണ്ടു്. തള്ളയും മകളുംകൂടി വലിയൊരു ആൽമരത്തിലാണു താമസം.

ഒരുനാൾ തള്ള നല്ല നീളമുള്ള അഞ്ചെട്ടു പയറുകൾ എവിടെനിന്നോ കൊത്തിക്കൊണ്ടുവന്നു. തള്ളയും മകളുംകൂടി പയറുകളുടെ തൊലി കളഞ്ഞു് മണികൾ കൂട്ടിവെച്ചു. മുഴുത്തുരുണ്ടു് ഊതനിറമുള്ള പയറുമണികൾ കണ്ടപ്പോൾ കൊതിമൂലം തള്ളയുടെ വായിൽ വെള്ളമൂറി; മകളുടേയും. എങ്കിലും അവ വറുത്താൽ സ്വാദു് ഇരട്ടിക്കും. വറുക്കുന്നതുവരെ കൊതി സഹിച്ചിരിക്കാൻ തള്ള തീർച്ചയാക്കി. എന്നിട്ടു് പയറു വറുക്കുന്ന ചുമതല മകളെ ഏല്പിച്ചു.

“എടീ, എനിക്കൊന്നു പോയി കുളിക്കണം. ഞാൻ കുളികഴിഞ്ഞു വരുമ്പോഴെയ്ക്കും നീ പയറു വറുത്തു് ശരിയാക്കി വെയ്ക്കണം.”

"ശരി, അമ്മേ —" മകറം സമ്മതിച്ചു.

എങ്കിലും കൊതിച്ചിയായ തള്ളയ്ക്കു മകളെ ബലമായ സംശയമുണ്ടു്. മകറം അടുപ്പിൽ തീ പൂട്ടാൻ പോയ തക്കംനോക്കി തള്ള ധൃതിയിൽ പയറുമണികറം എണ്ണിനോക്കി. നൂററിരണ്ടെണ്ണമുണ്ടു്........ അവറം കട്ടുതിന്നാൽ അങ്ങനെ തനിക്കു കണ്ടുപിടിക്കാം.

സോപ്പും തോർത്തുമുണ്ടുമെടുത്തു തള്ള കുളിക്കാൻ പോയി.

കുളികഴിഞ്ഞു മടങ്ങിവരുമ്പോറം തള്ള കൊതിമൂത്തു് കലിതുള്ളുകയായിരുന്നു ഉപ്പും മുളകുംകൂട്ടി വറുത്ത പയറുമണികറം തിന്നുമ്പോഴുള്ള സ്വാദോർത്തു് തള്ളയുടെ വായിൽനിന്നു വെള്ളം ചാടുന്നുമുണ്ടായിരുന്നു.

അകത്തേയ്ക്കു കടന്നയുടനെ മകറം പയറുമണികറം വറുത്തു ചീനച്ചട്ടിയിൽ അടച്ചുവച്ചിരിക്കുന്നതു തള്ള കണ്ടു.

ഓടിച്ചെന്നു് അടപ്പു പൊക്കിനോക്കി.

എന്തു്! തള്ള ഞെട്ടി പുറകോട്ടു മാറി. വറുക്കാൻ കൊടുത്തതിൻെറ പകുതിപോലുമില്ല ചട്ടിയിൽ.

ബുദ്ധിയില്ലെങ്കിലും തള്ളയ്ക്കു മുൻകോപം വേണ്ടതിലധികമുണ്ടു്.

"എടീ!" തള്ള മകളെ വിളിച്ചു. വാസ്തവത്തിൽ അതൊരലർച്ചയായിരുന്നു. ആ ശബ്ദംകൊണ്ടു കൂടു് കിടിലംകൊണ്ടു.

പേടിച്ചരണ്ടു മകറം ഉടനെ ഓടിവന്നു.

"എന്താണമ്മേ വിളിച്ചതു്?"

ഒന്നും പറയാതെ തള്ള മകളുടെമേൽ ചാടി വീഴുകയാണു ചെയ്തതു്. പയറുമണികൾ കട്ടുതിന്ന അവളെ ജീവനോടെ വെച്ചേയ്ക്കരുതു്. ശരിപ്പെടുത്തണം.

രണ്ടു മിനിട്ടുനകം തള്ള മകളെ കൊത്തിക്കൊന്നു. അവളുടെ കഥ കഴിച്ചു.

ഈ ലഹളകളെല്ലാം കേട്ടു് തള്ളയുടെ അയൽവാസിയായ കാക്ക ഉമ്മറത്തുവന്നു് എത്തിനോക്കിക്കൊണ്ടു് ചോദിച്ചു:

"എന്താണു തള്ളേ, ഇവിടെയൊരു തിരക്കു്?-"

മകളെക്കൊന്നിട്ടും കലിയടങ്ങാത്ത തള്ള കാക്കയോടു് അലറി:

"എടോ, ഇവൾ സ്വന്തം പെററതള്ളയെ ചതിച്ചവളാണു്. അതുകൊണ്ടു് ഞാനിവളെ കൊന്നു—" എന്നിട്ടു് തള്ള എല്ലാം വിസ്തരിച്ചുകൊടുത്തു.

കാക്ക ആലോചിച്ചു; ഒരു നിമിഷം. അയാൾക്കു കാര്യത്തിൻെറ കിടപ്പു മനസ്സിലായി. അയാൾ നീണ്ടു നിവൎന്നുനിന്നു് സാവധാനം ഉച്ചയനക്കി:

"എടീ വിഡ്ഢിത്തള്ളേ, പയറുമണികൾ വറുത്താൽ ചുരുങ്ങിപ്പോകും.... നിൻെറ മകൾ കട്ടുതിന്നിട്ടൊന്നുമില്ല. പോയി എണ്ണിനോക്കു്—"

കാക്കയുടെ സംസാരംകേട്ടു് തള്ള പകച്ചുപോയി. അടുക്കളയിലേയ്ക്കോടിച്ചെന്നു പയറുമണികൾ വാരിവലിച്ചെടുത്തു് അവൾ എണ്ണിനോക്കി.

നൂററിരണ്ടെണ്ണമുണ്ടു്.

ഒരെണ്ണംപോലും മകഠം തിന്നിട്ടില്ല!

"എൻെറ മകളേ!—" തള്ള നെഞ്ചത്തടിച്ചു് പാടിയെണീററു.

അപ്പോഴെയ്ക്കും കാക്ക അകത്തേയ്ക്കു കടന്നിരുന്നു.

"നീ പശ്ചാത്തപിച്ചതുകൊണ്ടു് നിൻെറ മരിച്ച മകഠം ഒരിക്കലും മടങ്ങിവരില്ല........ നിനക്കു ബുദ്ധിയില്ല. പക്ഷേ, മുൻകോപം വളരെയുണ്ടുതാനും. ആരായാലും മുൻകോപവും എടുത്തുചാട്ടവുമരുതു്." കാക്ക ഗൌരവത്തോടെ ഉപദേശിച്ചു.

"എൻെറ മകളേ, പയറുമണികഠം ശരിക്കും നൂററിരണ്ടെണ്ണമുണ്ടു്—" എന്നു വിലപിച്ചു് കൂട്ടിൽക്കിടന്നുരുണ്ടു് പശ്ചാത്താപവിവശയായി തള്ള പൊട്ടിക്കരയുമ്പോഠം കാക്ക വറുത്തുവെച്ച പയറുമണികഠം സ്വാദോടെ തിന്നുകയായിരുന്നു.

## വിരുതൻ ശങ്കു

സ്വന്തം കാര്യം സാധിക്കാൻ വളരെ ജാഗ്രതയോടെ പ്രവർത്തിക്കുന്ന അനേകം വിരുതന്മാരുണ്ട്. അവരുടെ മുടിചൂടാമന്നനാണു ശ്രീമാൻ ശങ്കു.

ഈ കഥയിലെ സംഭവം നടക്കുമ്പോൾ ശങ്കുവിനു് നാല്പത്തിയഞ്ചോളം വയസ്സു പ്രായമുണ്ടു്. അയാളും ഭാര്യയും ഒരു ഗ്രാമത്തിലെ ചെറിയൊരു വീട്ടിൽ താമസിച്ചിരുന്നു. കുട്ടികളൊന്നുമില്ല. തന്റെ വീട്ടുമുററത്തു് പിച്ചവെയ്ക്കുന്ന കാലുകൾ കാണുവാൻ ഭാഗ്യമുണ്ടായില്ലല്ലോ എന്നു ശങ്കുവിനു കുണ്ഠിതമുണ്ടു്. പിശുക്കിപ്പിശുക്കി പണം സമ്പാദിച്ചുകൂട്ടണമെന്ന ഏക ജീവിതോദ്ദേശം മാത്രമുള്ള അയാൾക്കു് ദൈവം കുട്ടികളെ കൊടുക്കാഞ്ഞതു നന്നായെന്നു് അയൽപക്കത്തെ കാളിയമ്മ രഹസ്യമായി പറയാറുണ്ടു്. അയാളുടെ വീടു് വളരെ ചെറുതെങ്കിലും, അതിനുള്ളിൽ പൂത്ത പണം കിഴികെട്ടിവെച്ചിരുന്നു. ദിവസേന ശങ്കു ആ കിഴികളഴിച്ചു് പണമെണ്ണിനോക്കി തൃപ്തിപ്പെടും; അതിനോടു പിന്നേയും കൂട്ടുവാനുള്ള ഉപായങ്ങൾ ആലോചിച്ചുറപ്പിക്കുകയും ചെയ്യും. പഴയവീട്

തട്ടിപ്പൊളിച്ചു പുതിയ മാതൃകയിൽ ഒന്നു പണിതാൽ, താൻ ധാരാളം പണമുള്ളവനാണെന്ന് ആളുകൾ ധരിച്ചുവശാവുകയും കള്ളന്മാർ തക്കംപാർത്തു നില്ക്കുകയും ചെയ്യുമെന്നുള്ള അയാളുടെ ഭീതികൊണ്ട്, ആ ചെററക്കുരകൊണ്ടുതന്നെ അയാൾ തൃപ്തിപ്പെട്ടു.

പിശുക്കരിലഗ്രേസരനാണ് ശങ്കുവെന്നു പറഞ്ഞുവല്ലോ. അതുകൊണ്ട് സന്ധ്യമയങ്ങി എട്ടുമണിയോടുകൂടിത്തന്നെ ഭാര്യയും ഭർത്താവും അത്താഴംകഴിച്ച് വിളക്കുതിവെച്ച് കിടന്നുകഴിയും; വിളക്കിൻെറ എണ്ണ വെറുതെ നഷ്ടമാവേണ്ടതില്ലല്ലോ എന്നു വിചാരിച്ച് ഓരോന്നു സംസാരിച്ചുകൊണ്ടു കിടക്കും.

ഒരു ദിവസം രാത്രി, ഭാഗ്യവശാൽ പത്തുമണിവരെ ഉറങ്ങാതിരിക്കാമെന്ന് ശങ്കു നിശ്ചയിച്ചു. ഭാര്യയും അയാളും വിളക്കിൻെറ മുമ്പിലിരുന്ന് ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. സംസാരിക്കുന്നതിന്നിടയിൽ യദൃച്ഛയാ ശങ്കു തട്ടിന്മേലേയ്ക്കൊന്നു പാളിനോക്കി. എന്തോ ഒന്നിനെ അവിടെക്കണ്ടു. വീണ്ടും പാളിനോക്കിയപ്പോൾ ഒരാൾ തട്ടിന്മേൽ ഒളിച്ചിരിക്കുന്നതു കണ്ടു. ശങ്കു പരിഭ്രാന്തനായി. അയ്യോ, കള്ളൻ! ആ കള്ളൻെറ കയ്യിൽ തിളങ്ങുന്ന ഒരു കത്തിയും അയാൾ കണ്ടു. അയാളുടെ ദേഹം ആലിലപോലെ കിടുകിടെ വിറച്ചു. ഭക്ഷണംപോലും ശരിക്കു കഴിക്കാതെ താൻ പിശുക്കുപിടിച്ചു സമ്പാദിച്ച സ്വത്തു മുഴുവൻ കവർന്നെടുക്കാൻ തക്കം പാർത്തിരിക്കുകയാണ് ആ കള്ളൻ....

ആ പിശുക്കൻെറ ബുദ്ധിശക്തിയിൽ പെട്ടെന്നൊരു യുക്തിതോന്നി. താനാ കള്ളനെ കണ്ടുവെന്നു് അയാഠം നടിച്ചതേയില്ല. പഴയപടിതന്നെ ഭാര്യയോടു സംഭാഷണമാരംഭിച്ചു:

"എടീ മാധവീ, നിനക്കിപ്പോഠം എത്ര മാസമാണു്?"

"എന്ത്? മാസമോ? എനിക്കോ?"

"ആ....മാസം....അതെ.... ഏഴു മാസം, അല്ലേ?"

"ഏയ്—"

"നീ മിണ്ടാതിരിക്കു; നിനക്കു് ഏഴുമാസമായി. ഇനി മൂന്നു മാസത്തിന്നുള്ളിൽ നമുക്കൊരു ആൺകുഞ്ഞു് പിറക്കും—"

'കുഞ്ഞെ'ന്ന വാക്കു കേട്ടതോടെ ഒരു മാതാവാകാൻ കൊതിപൂണ്ടിരിക്കുന്ന ആ സ്ത്രീക്കു് അയാഠം കെട്ടിച്ചമച്ചുണ്ടാക്കുന്ന കഥ കേഠക്കാൻ രസംതോന്നി. അയാഠം എന്തെങ്കിലും പറഞ്ഞോട്ടെ. കേഠക്കുകതന്നെ എന്നവർ നിശ്ചയിച്ചു. തട്ടിൻമുകളിൽ പതുങ്ങിയിരുന്നിരുന്ന കള്ളനു് അവരുടെ സംഭാഷണം ദീർഘിക്കുന്നതു തീരെ രസിച്ചില്ല. അവൻ ദേഷ്യംകൊണ്ടു വിറച്ചു. എട്ടുമണിക്കു് വിളക്കൂതി കിടക്കാറുള്ള ഈ രണ്ടു് ഏരപ്പുകളും ഇന്നു് ഉറക്കമൊഴിച്ചിരുന്നു് കഥ പറയാൻ തുടങ്ങുകയാണെന്നു കണ്ടപ്പോഠം, അവൻ തൻെറ വിധിയെ പഴിച്ചു. എന്തു ചെയ്യാം? അവർ കിടന്നുറങ്ങുന്നതുവരെ അനങ്ങാതെ കാത്തിരിക്കുകതന്നെ

ന്നെ. അവൻ കണ്ണു തുറിച്ചു് വിളക്കിന്റെ അരികത്തു കുത്തിയിരിക്കുന്ന ശങ്കുവിനേയും ഭാര്യയേയും ഉററു നോക്കിക്കൊണ്ടിരുന്നു.

"....എടീ, അവൻ ഇപ്പോൾ അഞ്ചാംക്ലാസ്സിലാണു് പഠിക്കുന്നതു്. അവനു് ഞാൻ പുതിയ ഉടുപ്പുകൾ തുന്നിക്കൊടുക്കും; പുസ്തകസ്സഞ്ചി തോളിലിട്ടുകൊണ്ടു് അവൻ ആ പടികടന്നു് സ്ക്കൂളിലേയ്ക്കു പോകും. അപ്പോൾ ഞാനും നീയും ഈ ഉമ്മറത്തുനിന്നു് അവൻ പോകുന്നതുനോക്കി നില്ക്കും. അപ്പോൾ നമുക്കെന്തു സന്തോഷമായിരിക്കും, അല്ലേ?"

"അതെയതെ, ഞാൻ അവനെ ബി. എ. ബി. എൽ. പഠിപ്പിച്ചു് വക്കീലാക്കും—"

"അല്ല, ഞാനവനെ ശീമയിലേയ്ക്കയച്ചു് ഡാക്കുറാക്കും—"

"വക്കീലായാൽ എന്തുമാത്രം അവനു് സമ്പാദിക്കാൻ സാധിക്കുമെന്നോ?—"

"അതിലും കൂടുതൽ ഒരു ഡാക്കുറായാൽ അവനു സമ്പാദിക്കാം.—"

"ഒന്നുല്ല്യ.... ആ കൃഷ്ണൻഡാക്കുറേക്കാൾ കോന്തുണ്ണിവക്കീൽ എത്രയധികമാണു് സമ്പാദിക്കുന്നതെന്നറിയാമോ? അദ്ദേഹം കേസ്സു വാദിച്ചു് കിട്ടിയ പണം ചാക്കു ചാക്കായിട്ടാണു് ബാങ്കിലേയ്ക്കു കൊണ്ടുപോകുന്നതു്. എന്റെ മോനെ ഞാൻ വക്കീലാക്കും."

"എന്നാൽ അങ്ങനെത്തന്നെ ആയിക്കോട്ടെ! അവനന്ന് സ്കൂളിലേയ്ക്കു പോയിട്ട് ഉച്ചയ്ക്ക് ഉണ്ണാൻവന്നില്ല, കേട്ടോ. നമ്മളിരുവരും പേടിച്ച് വീട്ടിലിരിപ്പായി. അവന്ന് എന്തു പററിയെന്നാണ് നമ്മുടെ വിചാരം. സമയം മൂന്നു മണിയായി. അപ്പോഴെയ്ക്ക്, അതാ പടിക്കൽ ഒരു റിക്ഷവന്നു നില്ക്കുന്നു—"

"ഉം. എന്തേ അത്?"

"അതോ, പറയാം. ദാ, ആ റിക്ഷയിൽനിന്നു തടിച്ച ഒരുത്തൻ ഇറങ്ങി, റിക്ഷയുടെ ഉള്ളിൽനിന്ന് എന്തോ ഘനമുള്ള ഒരു സാധനം അയാൾ പൊക്കിയെടുത്തു—"

"ഉം. എന്തേ അത്?"

"അതോ, നമ്മുടെ മോൻ! അവൻ ചോരയിൽ കുളിച്ചിരുന്നു. അവൻെറ ഉടുപ്പുകളൊക്കെ ചോരമയം—"

"അയ്യോ!...." മാധവി പെട്ടെന്നുറക്കെ നിലവിളിച്ചു. ശങ്കുവും ഉറക്കെ ആക്രോശിച്ചു:

"അയ്യോ ഓടിവരിൻ, ഓടിവരിൻ! ഇതാ എൻെറമകൻ മരിക്കാറായി കിടക്കുന്നു. അയ്യോ കൃഷ്ണൻനായരെ.... ഗോവിന്ദാ.... ഓടിവരിൻ!"

അവരുടെ നിലവിളികൾകേട്ട് അയൽക്കാർ നാലുപുറത്തുനിന്നും ഓടിക്കൂടി. തട്ടിൻപുറത്തിരുന്നിരുന്ന കള്ളൻ എലിയെപ്പോലെ വിറച്ചു. അ[illegible] ക്കത്തെ കൃഷ്ണൻനായർ ശങ്കുവിനോട്ട് കാരണ[illegible]

ഷിച്ചു. ഉടനെത്തന്നെ ശങ്കു തട്ടിൻമുകളിലിരിക്കുന്ന കള്ളനെ അവക്കു കാട്ടിക്കൊടുത്തു.

ഒരൊററ നിമിഷത്തിനുള്ളിൽ ആ കള്ളൻ ബലിഷ്ഠരായ അവരുടെ കരവലയത്തിലമന്നുപോയി.... ഇടിയും തൊഴിയും കഴിഞ്ഞപ്പോഠം ബോധമററുവീണ കള്ളനെ അവർ തൂക്കിയെടുത്തു പോലീസ് സ്റ്റേഷനിലെത്തിച്ചു.

അങ്ങനെ സൂത്രശാലിയും പിശ്രുക്കനുമായ ശങ്കു തൻെറ കാര്യം നിറവേററി.

## ഉപകാരസ്മരണ

ഫ്രാൻസിലെ വളരെ പാവപ്പെട്ടവർ നിവസിക്കുന്ന ഒരു കുഗ്രാമത്തിൽ ചെറിയൊരു പള്ളിക്കൂടം ഉണ്ടായിരുന്നു. കഷ്ടപ്പാടനുഭവിച്ച് വിദ്യാദാനം നല്കാൻവരുന്ന അദ്ധ്യാപകരും പട്ടിണിയോടു മല്ലിട്ടുകൊണ്ട് ജീവിക്കുന്നവരെങ്കിലും ഏതെങ്കിലുമൊരു വിദ്യ കരസ്ഥമാക്കണമെന്ന മോഹത്തോടെ പഠിക്കാനായിവരുന്ന വിദ്യാത്ഥികളും. ഇപ്പോഴത്തെപ്പോലെ ത്തന്നെയാണ് അന്നും വിദ്യാലയങ്ങളുടെ പഠിപ്പുസമയം.

ആ സ്കൂളിൽ ചെറിയൊരു ക്ലാസ്സിൽ ഒരു പിഞ്ചുബാലൻ പഠിച്ചിരുന്നു. അവന് എട്ടുവയസ്സുമാത്രമേ പ്രായമായിട്ടുള്ളു. മെലിഞ്ഞ ശരീരവും കീറിയ ഉടുപ്പുകളും അവൻെറ ദാരിദ്ര്യത്തെ വിളിച്ചുപറഞ്ഞിരുന്നു. അവൻ പഠിപ്പിൽ അതീവ തല്പരനായിരുന്നു. അങ്ങനെ മററു കുട്ടികളെക്കാറം അദ്ധ്യാപകരുടെ സ്നേഹവാത്സല്യങ്ങറംക്ക് അവൻ പാത്രമായി. അവൻെറ ഗുരുനാഥന്മാർ അവനിൽ ഒളിഞ്ഞുകിടന്നിരുന്ന വിശ്വൈകവീരനെ അന്നു ദശിച്ചിരിക്കുമോ, എന്തോ? തീച്ച

മുമ്പിൽ വല്ല്യമ്മയുടെ പലഹാരക്കടയും. വല്ല്യമ്മയുടെ കച്ചവടം ഇപ്പോഠം മഹാമോശമായ നിലയിലായി. ചുക്കിച്ചുളിഞ്ഞു് എല്ലും തോലും മാത്രമായി പരിണമിച്ചിരുന്ന വല്ല്യമ്മ അന്നും പീടിക നേരത്തെത്തന്നെ തുറന്നു കച്ചവടത്തിന്നിരിപ്പായി.

സമയം നട്ടുച്ചയോടടുത്തു. സ്കൂഠം വിടേണ്ട സമയമായി. അപ്പോഠം തൻെറ പീടികയിലേയ്ക്കു പട്ടാളവേഷംധരിച്ചു് തടിച്ചു കൊഴുത്ത ഹ്രസ്വകായനായ ഒരു മനുഷ്യൻ മുമ്പിലും അയാളുടെ പുറകെ വേറെ രണ്ടു പട്ടാളക്കാരും നടന്നുവരുന്നതു് വൃദ്ധ മങ്ങിയ കണ്ണുകളോടെ കണ്ടു. അവർ നടന്നടുത്തപ്പോഠം വൃദ്ധയ്ക്കു ഭയമായി. പട്ടാളക്കാരല്ലേ വരുന്നതു്? പക്ഷേ അവരുടെ ഭയം ഉടനെത്തന്നെ പമ്പകടന്നു. ഉയരം കുറഞ്ഞ തടിയനായ പട്ടാളക്കാരൻ വൃദ്ധയെ നോക്കി പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു:

"എന്താ വല്ല്യമ്മേ, എന്നെ മറന്നുവോ? പണ്ടു് വല്ല്യമ്മ പലഹാരം വെറുതെ കൊടുക്കാറില്ലേ, ആ കുട്ടിയാണു ഞാൻ! ഞാൻ നിങ്ങളെ ഒരുകാലത്തും മറക്കുകയില്ല."

വല്ല്യമ്മ അത്ഭുതപരതന്ത്രയായി. ഇപ്പോഠം അവക്കു് അതാരാണെന്നു നല്ലപോലെ മനസ്സിലായി:

"മോനേ, ഇപ്പോഠം എന്താ പട്ടാളക്കാരനായോ?" വല്ല്യമ്മ ചോദിച്ചു.

"അതെല്ലാം പറയാം, വല്ല്യമ്മേ. ഞാൻ അന്നത്തെ പലഹാരത്തിൻെറ പണം തന്നാൽ വല്ല്യമ്മ

അതു നിരസിക്കരുതു്” എന്നു പറഞ്ഞു് അയാഠം ഒരു കിഴി സ്വർണ്ണനാണയം അവരുടെ മെലിഞ്ഞ കൈക ളിൽ കൊടുത്തു് അവരെ ആലിംഗനംചെയ്തു.

“വല്ല്യമ്മേ, ഞാൻ വെറുമൊരു പട്ടാളക്കാരനല്ല. നിങ്ങഠം കേട്ടിട്ടില്ലേ, നെപ്പോളിയൻ ചക്രവത്തിയെ ന്നു്—ആ ആളാണു ഞാൻ!”

വല്ല്യമ്മയുടെ അത്ഭുതം ഇരട്ടിച്ചു.

വിശ്വപ്രസിദ്ധനായ നെപ്പോളിയൻ ബോണ പ്പാർട്ടെ....

ഉഗ്രപ്രതാപിയും വിശ്വൈകവീരനുമായ നെ പ്പോളിയൻ....

ലോകത്തെ കിടിലംകൊള്ളിക്കുന്ന പോരാളി യായ ചക്രവത്തി.

ഈറനണിഞ്ഞ കണ്ണുകളോടെ വൃദ്ധ പിടഞ്ഞെഴു ന്നേററു. തൻെറ മുമ്പിൽ നില്ക്കുന്നതു് സവ്വശക്തനായ ചക്രവർത്തിയും വിശ്വജേതാവുമായ നെപ്പോളിയ നാണു്!

കുട്ടിക്കാലത്തു തന്നെ കനിവോടെ സഹായിച്ച ആ വൃദ്ധയെ അദ്ദേഹം എത്രയധികം ആരാധിച്ചു! അദ്ദേഹത്തിൻെറ ഉപകാരസ്മരണ നിങ്ങഠംക്കെല്ലാം ഒരു പാഠമായിത്തീരട്ടെ!

## ഊണു്

ഉണ്ണാൻ വളരെ കൊതിയുള്ളവരാണു് നാരായണൻ എളയതും വാസുമൂസ്സതും. അവർ ഉററ ചങ്ങാതികളുമാണു്. എവിടെ സദ്യയുണ്ടോ അവരവിടെ എത്താതിരിക്കയില്ല. ആദ്യത്തെ പന്തിക്കുള്ള ഇല വെയ്ക്കേണ്ട താമസം, ഉണ്ണാൻ തയ്യാറെടുത്തുകൊണ്ടു് ഇലകളുടെ മുമ്പിലേയ്ക്കവർ ചാടിവീഴും.

ഉണ്ണാൻ മാത്രമായിട്ടു ചെല്ലുന്നതു ഭംഗിയല്ലല്ലോ. അതുകൊണ്ടു് സദ്യയ്ക്കു പദാൎത്ഥങ്ങൾ പാചകംചെയ്യുന്നതിൽ സഹായിക്കുകയാണെന്ന വ്യാജേന അവർ വെയ്പുപുരയിൽ തകൃതിയായി പണിയെടുക്കുന്നതുപോലെ നടിക്കും.... കറികൾക്കു കഷണം നുറുക്കുക, ഇലകൾ കീറുക മുതലായ പണികൾ ചെയ്യുന്നതായി അവർ ഭാവിക്കും. വാസ്തവത്തിൽ പണിയൊന്നും എടുക്കുകയില്ല. അവർക്കൊരു കാര്യമേ വേണ്ടു: ഊണു്. ആ സമയം കാത്തിരിക്കുകയാണു് വാസ്തവത്തിലവർ.

പക്ഷേ, അവരുടെ ഈ വിദ്യ വേലുണ്ണിനായരുടെ സദ്യയിൽ നടന്നില്ല. നായർക്കു് മൂസ്സതിനേയും എളയതിനേയും അസ്സലായറിയാം. അവർ വാസ്തവത്തിൽ വരുന്നതെന്തിനാണെന്നും അയാൾക്കറിയാം.

സദ്യയ്ക്കുള്ള പച്ചക്കറികൾ നുറുക്കുന്ന പണി വെയ്പുപുരയിൽ നടക്കുകയായിരുന്നു. വേലുണ്ണിനായർ അങ്ങോട്ടു കടന്നുചെന്നു. ഒരു മൂലയ്ക്ക് മൂസ്സതും എളയതുംകൂടി മുറുക്കി രസിച്ചുകൊണ്ടിരിക്കുന്നതു് അയാൾ കണ്ടു. പക്ഷേ കണ്ടഭാവം നടിച്ചില്ല. വെയ്പുകാരിൽ പ്രധാനിയായ മാധവൻനായരെ വിളിച്ച് വേലുണ്ണി നായർ ഉറക്കെ നിർദ്ദേശംകൊടുത്തു:

"എടോ മാധവാ, എളയതിനെ നല്ലപോലെ ചുരണ്ടിക്കോളൂ—പക്ഷേ മൂത്തതിൻെറ തോലു ചെത്തുകതന്നെ വേണം!....."

"അങ്ങനെത്തന്നെയാവാം—" മാധവൻനായർ വലിയൊരു കത്തി കടന്നെടുത്തു.

കേട്ടപാതി കേൾക്കാത്തപാതി മൂസ്സതും എളയതും വായ പൊളിച്ചു മിഴിച്ചിരുന്നു. മുറുക്കിയിരുന്ന പുകയിലയുടെ നീരു് അവരുടെ ശിരസ്സിലേയ്ക്കടിച്ചു.

"നമുക്ക് ഓടാം; ഇനി രക്ഷയില്ല—" മൂസ്സതു് എളയതിൻെറ ചെവിയിൽ വെറുങ്ങലിച്ച ശബ്ദത്തോടെ മന്ത്രിച്ചു.

ധൃതിയിൽ രണ്ടാംമുണ്ടു കടന്നെടുത്തു തോളിലിട്ടു് എളയതും മൂസ്സതും ജീവൻ കയ്യിൽപ്പിടിച്ചുകൊണ്ടു് പുറത്തേയ്ക്കോടി.

മൂസ്സതിനെ വെട്ടാനും എളയതിനെ ചുരണ്ടാനും വേലുണ്ണിനായർ ആജ്ഞാപിച്ചിരിക്കുന്നു! ഊണു കിട്ടിയില്ലെങ്കിലും വിരോധമില്ല; ജീവൻ നിലനിന്നാൽ മതി. ജീവനുണ്ടെങ്കിൽ ഇനിയും വേറെ സദ്യകളിൽ ഉണ്ണാൻ കഴിയുമല്ലോ....

## സത്യം

സോളമൻരാജാവ് അതീവ ബുദ്ധിശാലിയും തികഞ്ഞ നീതിജ്ഞനുമായിരുന്നു. അദ്ദേഹത്തിന്റെ ഭരണസാമർത്ഥ്യം ലോകമൊട്ടുക്കും വിശ്രുതമായിരുന്നു. ദിനംപ്രതി അദ്ദേഹം ഭരണസഭ വിളിച്ചുകൂട്ടി പ്രജകളുടെ ആവലാതികൾ നേരിട്ടുകേൾക്കുകയും പ്രതിവിധികൾ ചെയ്യുകയും പതിവായിരുന്നു. സത്യത്തിൽനിന്നും നീതിയിൽനിന്നും കടുകിട മാറാത്തവയായിരുന്നു അദ്ദേഹത്തിന്റെ വിധികൾ. അങ്ങനെ അദ്ദേഹം നീതിയോടും സ്നേഹത്തോടും ധർമ്മത്തോടുംകൂടി രാജ്യപരിപാലനം നടത്തിവരവേ ഒരുനാൾ ദർബാറിലേയ്ക്കു രണ്ടു സ്ത്രീകൾ നെഞ്ഞത്തടിച്ച് അലമുറയിട്ടുകൊണ്ടു കടന്നുവന്നു. അവർ ഒരു പിഞ്ചുകുട്ടിയെ അങ്ങോട്ടുമിങ്ങോട്ടും പിടിച്ചുവലിച്ചിരുന്നു. ഉയർന്ന സിംഹാസനത്തിലിരുന്നിരുന്ന സോളമൻരാജാവ് ചോദ്യരൂപേണ തന്റെ പ്രധാനമന്ത്രിയുടെ മുഖത്തേയ്ക്കുനോക്കി. ആ സ്ത്രീകളുടെ ആവലാതിയെന്താണെന്ന് അധികാരപൂർവ്വം പ്രധാനമന്ത്രി തിരക്കി.

നെഞ്ഞത്തടിച്ചുകൊണ്ടു് രണ്ടു സ്ത്രീകളും ഒരു മിച്ചു പറഞ്ഞു:

"ഈ കുട്ടി എന്റെയാണു്!"

ഒരു കുട്ടിക്കു് രണ്ടു് അമ്മമാർ! ആ കൊച്ചുകുഞ്ഞിനു് സംസാരിക്കാറായിട്ടില്ല. അവനു് ഒരു വയസ്സുവരും പ്രായം. അങ്ങോട്ടുമിങ്ങോട്ടുമുള്ള പിടിവലി സഹിക്കവെയ്യാതെ അവൻ തൊണ്ണുകാട്ടി പൊട്ടിക്കരഞ്ഞിരുന്നു.

സോളമൻരാജാവു് തടിച്ചിയായ സ്ത്രീയോടു് സൌമ്യസ്വരത്തിൽ ചോദിച്ചു:

"നിന്റെ കുട്ടിയാണോ ഇതു്?"

"അതെ തമ്പുരാനെ, ഇതാ ഇവൾ, ഈ മൂധേവി, എന്റെ കുട്ടിയെ തട്ടിപ്പറിച്ചു് അവളുടേതാണെന്നു പറഞ്ഞു വാദിക്കുന്നു. അങ്ങു് അടിയന്റെ കുട്ടിയെ മടക്കിത്തരണം!"

"കരയാതിരിക്കൂ." സോളമൻരാജാവു് സമാധാനിപ്പിച്ചു. എന്നിട്ടു് മെലിഞ്ഞവളായ മറേറ സ്ത്രീയോടു ചോദിച്ചു:

"ഇതു നിന്റെ കുട്ടിയാണോ? പറയൂ—"

"അതെ, തമ്പുരാനേ.... ഇവൾ അടിയന്റെ മകനെ തട്ടിപ്പറിച്ചു. എന്നിട്ടു് ഇവളുടെ മകനാണെന്നു് തർക്കിക്കുന്നു.... അങ്ങു് നീതിജ്ഞനാണു്; കരുണാനിധിയാണു്. അങ്ങു് ഇതിൽ തീർപ്പു കല്പിക്കണം.... അടിയന്റെ മകനെ വിട്ടുതരീക്കണം—"

കേട്ടവരെല്ലാം അമ്പരപ്പോടെ നോക്കി മരവിച്ചിരുന്നു. ഒരു കുട്ടി. രണ്ടു് അമ്മമാർ അവനിൽ അവകാശം ഉന്നയിക്കുന്നു. എങ്ങനെ സത്യം കണ്ടുപിടിക്കും? അത്ഭുതം!

അവർ വല്ലായ്മയോടെ മഹാരാജാവിൻെറ മുഖത്തേയ്ക്കു നോക്കി. സൂര്യൻെറ തേജസ്സുള്ള തമ്പുരാൻ ഇമവെട്ടാതെ സ്ത്രീകളേയും കുട്ടിയേയും നോക്കിക്കൊണ്ടിരുന്നു. അദ്ദേഹത്തിൻെറ ചെഞ്ചുണ്ടുകളിൽ മുഗ്ദ്ധമന്ദഹാസം കളിയാടി അതിബുദ്ധിമാനായ തമ്പുരാനു് ഈ പരാതിക്കു വിധികല്പിക്കുന്നതിൽ താല്പര്യമുണ്ടെന്നു കണ്ട അവർ സാകൂതം നോക്കിയിരുന്നുപോയി.

സോളമൻരാജാവു് ആജ്ഞാപിച്ചു:

"സ്ത്രീകൾ ഇരുവരും ആ കുട്ടിയെ മുമ്പിലുള്ള പീഠത്തിൽ കിടത്തട്ടെ."

വീതിയേറിയ പീഠത്തിൽ ആ കൊച്ചുകുട്ടി കിടത്തപ്പെട്ടു. അവൻ അപ്പോഴും കൈകാലുകളിട്ടടിച്ചു് പൊട്ടിക്കരഞ്ഞിരുന്നു. തമ്പുരാൻ പറഞ്ഞു:

"ഈ കുട്ടി ആരുടേതാണെന്നു തീർപ്പു കല്പിക്കാൻ വിഷമമാണു്. അതുകൊണ്ടു് നാമൊരു ഉപാധി നിർണ്ണയിക്കുന്നു. ഇവനെ നാം നിങ്ങൾക്കു രണ്ടുപേക്കും സമമായി പങ്കിട്ടുതരാം. ആരാച്ചാർ എവിടെ?"

തിളങ്ങുന്ന കൂററൻ വാളുമായി യമകിങ്കരനെപ്പോലെ കറുത്തു ഭീമാകാരനായ ആരാച്ചാർ ഹാളി

ലേയ്ക്കു കടന്നുവന്നു് ആജ്ഞ കേൾക്കാനായി തയ്യാറെട്ടു നിന്നു! "തമ്പുരാനേ, അടിയൻ—"

"ആരാച്ചാരേ, നീ ഈ പീഠത്തിൽക്കിടക്കുന്ന കുട്ടിയെ രണ്ടു തുണ്ടമായി വെട്ടി ആ സ്ത്രീകൾക്കു ഭാഗിച്ചുകൊടുക്കണം—" മഹാരാജാവു് ആജ്ഞാപിച്ചു.

കേട്ടവർ സ്തംഭിച്ചുപോയി. സോളമൻരാജാവിൻെറ തീരുമാനം പതിവില്ലാത്തവിധം പരുക്കനായി അവക്കു തോന്നി.

ആരാച്ചാർ വാളുയത്തി. ഒരൊററ നിമിഷം കൊണ്ടു് ആ പിഞ്ചുകുഞ്ഞു് രണ്ടു കഷണങ്ങളായി ത്തീരും.

അപ്പോൾ സഭയെ പിടിച്ചു കുലുക്കത്തക്കവിധത്തിൽ പൊട്ടിക്കരഞ്ഞുകൊണ്ടു് മെലിഞ്ഞവളായ സ്ത്രീ കുട്ടിയുടെ അരികത്തേയ്ക്കോടിവന്നു:

"സത്യത്തിൻേറയും ധമ്മത്തിൻേറയും അവതാരമായ തമ്പുരാനേ, അവനെ വെട്ടരുതെന്നു് ആജ്ഞാപിക്കു.... അങ്ങു് അവനെ അവൾക്കുതന്നെ കൊടുത്താലും.... അവൾ അവനെ എടുത്തുകൊള്ളട്ടെ. അവൻ മരിക്കാതെ ജീവിക്കട്ടെ—"

ആ സ്ത്രീ വിറയാന്ന ശരീരത്തോടെ മഹാരാജാവിൻെറ കാലുകളിലേയ്ക്കുററുനോക്കിക്കൊണ്ടു കെഞ്ചി.

സോളമൻരാജാവു് പുഞ്ചിരിച്ചു:

"ആരാച്ചാർ, കുട്ടിയെ വെട്ടേണ്ടെന്നു നാം തീച്ച്യാക്കിയിരിക്കുന്നു. നിനക്കു പോകാം—" എന്നിട്ടു്

തമ്പുരാൻ മെലിഞ്ഞ സ്ത്രീയെ നോക്കി കരുണയാൎന്ന സ്വരത്തിൽ പ്രസ്താവിച്ചു:

"ഈ കുഞ്ഞു് യഥാൎത്ഥത്തിൽ ആരുടേതാണെന്നു നാം മനസ്സിലാക്കിയിരിക്കുന്നു. നിന്റെ മകനെ നീ ആ പീഠത്തിൽനിന്നെടുത്തുകൊള്ളുക!"

ആ സ്ത്രീയുടെ മുഖം ആനന്ദംകൊണ്ടു തുടിച്ചു. അവൾ ആൎത്തിയോടെ കുഞ്ഞിനെ പീഠത്തിൽനിന്നു വാരിയെടുത്തു.

സഭയിലുള്ളവർ ആനന്ദവായ്പോടെ പരസ്പരം നോക്കി. തടിച്ചിയായ സ്ത്രീയുടെ ഇരുപുറത്തും രണ്ടു പട്ടാളക്കാർ വന്നു നിന്നു.

Good s tory

5116

ISLAM HIGH SCHOOL
ERNAKULAM

# നിറങ്ങൾ

മാതയിൽ രാധാകൃഷ്ണൻ